LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകളിലെ ഫിസിക്കൽ മെഡിസിൻ വിഭാഗത്തിൽ എല്ലാ ദിവസവും ഒ.പി. പ്രവർത്തിപ്പിക്കാൻ നടപടി

*29 [179] ശ്രീ. സി. ടി. അഹമ്മദ് അലി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, ഇസ്ഹാക് കുരിക്കൾ:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകളിൽ ഏറ്റവും കൂടുതൽ രോഗികൾ ചികിത്സക്കായി എത്തുന്ന ഫിസിക്കൽ മെഡിസിൻ വിഭാഗത്തിൽ ആഴ്ചയിൽ എത്ര ദിവസമാണ് ഇപ്പോൾ ഒ. പി. നിലവിലുള്ളത്;

(ബി) ഈ വിഭാഗത്തിലേക്കുള്ള രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് ആഴ്ചയിൽ എല്ലാ ദിവസവും ഒ. പി. ഏർപ്പെടുത്തുന്നതിന് ആലോചിക്കുമോ;

(സി) ഇത് നടപ്പിലാക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വിഭാഗത്തിൽ ദിവസേന ഒ.പി. സമ്പ്രദായം വിദഗ്ദ്ധ ഡോക്ടറുടെ മേൽനോട്ടത്തിൽ ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രിയിലെങ്കിലും നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ, ബി) ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രികളിൽ കോഴിക്കോട് കോളേജ് ആശുപത്രിയിൽ മാത്രമാണ് ഇപ്പോൾ ഫിസിക്കൽ മെഡിസിൻ (ഫിസിയോതെറാപ്പി) വിഭാഗം പ്രവർത്തിക്കുന്നത്. അവിടെ ആഴ്ചയിൽ ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും വരുന്ന രോഗികൾക്ക് ചികിത്സ നൽകുന്നതിനുള്ള സൗകര്യം 23-11-2003 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി, ഡി) പ്രായോഗികവും സാങ്കേതികവുമായ ബുദ്ധിമുട്ടുകൾ ഉണ്ട്.

ക്ലീൻ കേരള പദ്ധതി

*30 [180] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വികസന പദ്ധതിയുടെ അവലോകനയോഗം ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും പത്താം തീയതിക്കുള്ളിൽ വിളിച്ചു കൂട്ടുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;